Draft #14 of File 96066/AC A10-4/2022/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 30-Dec-2023 02:53 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

പി.എച്.ഡി പ്രോഗ്രാം - 2023 അഡ്മിഷൻ - കോഴ്സ് വർക്ക് ആരംഭിക്കുന്ന തീയതി 15.01.2024 ലേക്ക് മാറ്റിയത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അക്കാദമിക് എ 10 സെക്ഷൻ**

നമ്പർ. 13013/AC A 10/2023/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 30.12.2023

*പരാമർശം:-*(1) എം. ജി. സർവകലാശാലാ പി.എച്ച്.ഡി. റഗുലേഷൻ 2016
(2) 30.06.2023 തീയതിയിലെ വിജ്ഞാപനം നമ്പർ 61884/AC A10-4/2023/AC A 10
(3) സർവകലാശാലാ ഉത്തരവ് നമ്പർ 6661/ACA 10/2023/എം.ജി.യു., തീയതി 14.06.2023

**ഉത്തരവ്**

2023 വർഷത്തെ പി.എച്.ഡി. പ്രവേശനത്തിന് പരാമർശം (1) അടിസ്ഥാനമാക്കി പരാമർശം (2) വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 2023 വർഷത്തിൽ ഗവേഷണത്തിന് പ്രവേശനം നേടുന്നവർക്ക് 01.01.2024 തീയതിയിൽ കോഴ്സ് വർക്ക് ആരംഭിക്കുന്നതിന് റഗുലേഷൻ പ്രകാരവും, പരാമർശം (3) ഉത്തരവ് പ്രകാരവും തീരുമാനിച്ചിരുന്നു.

എന്നാൽ ചില വിഷയങ്ങളിലെ രണ്ടു ഘട്ട ഡോക്ടറൽ കമ്മിറ്റികൾ ഇതേവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും, ക്രിസ്തുമസ് അവധിക്കു ശേഷം പഠന വിഭാഗങ്ങൾ / സ്കൂളുകൾ / സെന്ററുകൾ / അഫിലിയേറ്റഡ് കോളേജുകൾ എന്നിവ തുറക്കുന്നത് 03.01.2024 തീയതിയിൽ ആണ് എന്നതിനാലും, 2023 വർഷത്തെ പി.എച്.ഡി. പ്രവേശനവുമായി ബന്ധപ്പെട്ട് സമർപ്പിച്ച താഴെ പറയുന്ന ശുപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിച്ചിട്ടുള്ളതാകുന്നു;

- എല്ലാ വിഷയങ്ങളുടെയും ഡോക്ടറൽ കമ്മിറ്റികൾ പൂർത്തിയാക്കിയതിനു ശേഷം, 2023 വർഷത്തിൽ പ്രവേശനം നേടുന്ന ഗവേഷകർക്ക് 15.01.2024 തീയതി മുതൽ ഗവേഷണ കേന്ദ്രങ്ങളിൽ കോഴ്സ് വർക്ക് ആരംഭിക്കുന്നതിന്;
- 2022 റഗുലേഷൻ സർവകലാശാലയിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിൽ ആയതിനാൽ രജിസ്ട്രേഷൻ ഉത്തരവുകൾ 2016 റഗുലേഷൻ അടിസ്ഥാനമാക്കി പുറപ്പെടുവിക്കുന്നതിനും, രജിസ്ട്രേഷനെ തുടർന്നുള്ള എല്ലാ നടപടികളും, 2022 റഗുലേഷൻ പ്രാബല്യത്തിൽ വരുന്നത് മുതൽ ടി റഗുലേഷനിലെ വ്യവസ്ഥകൾക്ക് വിധേയം ആയിരിക്കും എന്നും വ്യവസ്ഥകൾ തമ്മിൽ വൈരുദ്ധ്യം ഉണ്ടെങ്കിൽ 2022 റഗുലേഷനിലെ വ്യവസ്ഥകളാണ് ബാധകമാവുക എന്നുള്ള നിബന്ധനയിൽ രജിസ്ട്രേഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സെബാസ്റ്റ്യൻ പി ജോസഫ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ ഗവേഷണ കേന്ദ്ര മേധാവികൾക്കും / ഗവേഷണ മാർഗ ദർശികൾക്കും
2. വൈസ് ചാൻസലറുടെ പി.എസ് / രജിസ്ട്രാറുടെ പി. എ. / റിസേർച് ഡയറക്ടർ
3. പി.ആർ.ഓ. സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. AR IV (Acad), DR I (Acad ), JR II (Admn)
5. Ac A II / VI / XI / XIII / XIV / XV സെക്ഷനുകൾ
6. IT സെൽ ഡയറക്ടർ / സെക്ഷൻ ഓഫീസർ, IT സെൽ 1
7. സ്റ്റോക്ക് ഫയൽ / ഫയൽ നം. 96066 / ACA10-4/2022/ACA10

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #14 of File 96066/AC A10-4/2022/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 30-Dec-2023 02:53 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം